# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352 — 26.06.2012 ൽ മറുപടിയ്ക്ക്

## നബാർഡിന്റെ വായ്പാ സഹായത്തിലെ കുറവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) നബാർഡിന്റെ സംസ്ഥാനത്തുള്ള ആഫീസുകൾ നിർത്തലാക്കുന്ന നടപടിക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | നബാർഡിന്റെ ദേശീയ നയത്തിന്റെ ഭാഗമായി എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കൊല്ലം ജില്ലാ ഡവലപ്പ്മെന്റ് മാനേജർമാരുടെ ആഫീസുകൾ മാറ്റി സ്ഥാപിക്കുക വഴി നബാർഡിന്റെ പ്രവർത്തനങ്ങളെ യാതൊരു വിധത്തിലും ബാധിക്കാത്ത തരത്തിലുള്ള പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി നബാർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) നബാർഡിന്റെ വായ്പാ സഹായം ഗണ്യമായി വെട്ടിക്കുറയ്ക്കുന്നത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേന്ദ്ര സർക്കാർ തുടരുന്ന ഇത്തരം നയങ്ങളെ പ്രതിരോധിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ? | (ബി) | നബാർഡിൽ നിന്ന് പുനർവായ്പ ലഭിക്കാത്തതിനാൽ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പ്രയാസം നേരിട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയുടെ (കുറഞ്ഞ പലിശ നിരക്കിലുള്ള) 40% തുകയാണ് നബാർഡ് പോളിസി പ്രകാരം 4.5% പലിശ നിരക്കിൽ പുനർവായ്പയായി അനുവദിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നയങ്ങളിലുള്ള വ്യത്യാസം കൊണ്ടല്ല ഇപ്രകാരം പുനർവായ്പ ലഭിക്കുന്നതിന് താമസം നേരിടുന്നത്. സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാന ബാങ്കിന് പാലിക്കാൻ കഴിയാത്തതിനാലുമാണ് പുനർവായ്പ ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നത്. |

| | | | |
|---|---|---|---|
| (സി) | നടപ്പു സാമ്പത്തിക വർഷം നബാർഡ് വഴി സംസ്ഥാനത്തിന്റെ വിവിധ മേഖലയ്ക്കായി ലഭ്യമാക്കിയ സഹായം എത്രയെന്നും മുൻവർഷം ഇത് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | 2012-2013 സമ്പത്തിക വർഷത്തെ പുനർവായ്പയ്ക്കായി നബാർഡ് പോളിസി പ്രകാരം സംസ്ഥാനത്തിന്റെ വിവിധ മേഖലയ്ക്കായി 5,136 കോടി രൂപ വിതരണം ചെയ്യുവാൻ കഴിയുമെന്നും 2011-12 വർഷം സംസ്ഥാനത്തൊട്ടാകെ 5,130 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | മുൻവർഷം ആർ.ഐ.ഡി.എഫ്. സ്കീമിൽ നബാർഡ് വായ്പ പൂർണ്ണമായും പ്രയോജനപ്പെടുത്താത്ത വകുപ്പുകൾ ഉണ്ടോ; ഏവ? | (ഡി) | കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ വകുപ്പിന് 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ